# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………  Name :………………….**

**First Semester B.Com. Degree Examination, November 2014**

**First Degree Programme under CBCSS**

**Additional Language: Malayalam – I**

**AUML111.3: Novel, Natakam, Sanchara Sahithyam**

Time: **3** Hours  Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. 'നോവൽ സാഹിത്യ' ത്തിന്റെ രചയിതാവ് ?
2. മലയാളത്തിലെ ഏറ്റവും 'വലിയ നോവൽ' ?
3. 'കേട്ടുമറന്നൊരു മന്ത്രാക്ഷരംപോലെ ആ തറവാട്ട് പേര് എന്നിൽ പ്രതിധ്വനിച്ചു' – തറവാടിന്റെ പേരെന്ത് ?
4. 'പൊന്നാനിക്കടലലകളുടെ ഇരമ്പം ആനക്കരവരെ എത്തിയതായി മാമുട്ടിക്ക് തോന്നി' – എപ്പോൾ ?
5. മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതി ഏത് ?
6. 'കാപ്പിരിക്ക് കൂലിക്ക്പുറമേ 'പോഷ'കൂടി കൊടുത്തുകൊള്ളണമെന്ന് നിയമമുണ്ട്' – എന്താണ് പോഷ ?
7. ഏതു വർഷമാണ് പൊറ്റെക്കാട്ട് 'കാപ്പിരികളുടെ നാട്ടിൽ' പര്യടനം നടത്തിയത് ?
8. 'പ്രാന്തനാ, മരിക്കാതെ, മരണമില്ലാതെ എവിടെയോ കഴിയ്യാ' – ആര് ?
9. ആരുടെ കൃതിയാണ് 'മലയാള നാടക സാഹിത്യചരിത്രം' ?
10. പി.എം. താജിന് 1989 – ൽ സംഗീതനാടക അക്കാദമി അവാർഡ് നേടിക്കൊടുത്ത നാടകം ?

**(10 x 1 = 10 Marks)**

P.T.O.

## SECTION – B

*ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. കാർത്തിയുടെ പിറവിയുമായി ബന്ധപ്പെട്ട അത്ഭുതങ്ങളെ നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങിനെ ?
12. പ്രശ്നങ്ങൾ എന്നും മാമുട്ടിക്ക് ആവേശമായിരുന്നു. – വിശദമാക്കുക.
13. വസൂരി രോഗത്തെ 'സൂഫി പറഞ്ഞകഥ'യുമായി ബന്ധിപ്പിക്കുന്നതെങ്ങിനെ ?
14. 'തന്റെ കണ്ണുകളിലേക്കും ശരീരത്തിലേക്കും ഒരാൾ ഇത്ര അനാവൃതമായി നോക്കുന്നത് കാർത്തി ആദ്യം അനുഭവിക്കുകയായിരുന്നു' – സന്ദർഭം വ്യക്തമാക്കുക.
15. 'താൻ ജനിച്ച തന്റെ സ്വന്തംനാട്ടിൽ കാപ്പിരിക്ക് സ്ഥാനമില്ല' – ഗ്രന്ഥകാരൻ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത് ?
16. ആഫ്രിക്കയിൽ കണ്ട പോർത്തുഗീസ്സുകാരെ പൊറ്റെക്കാട്ട് വിലയിരുത്തുന്നതെങ്ങനെ ?
17. 'കൊല്ലങ്ങളായി 'പഞ്ചാര വഞ്ചന' നടന്നുവരുന്നു' – എന്താണ് പഞ്ചാരവഞ്ചന ?
18. നരഭുക്കുകളായ കാപ്പിരികളെ പൊറ്റെക്കാട്ട് വിവരിക്കുന്നതെങ്ങനെ ?
19. 'അതുമിതും പറഞ്ഞു നേരം കളയാതെ ഒന്നെന്നെ വേഗം കുഴിച്ചിട്ടാട്ടെ' – ആരുടെ വാക്കുകളാണിത് ? ഇങ്ങനെ പറയാൻ കാരണമെന്ത് ?
20. 'ദൈവമേ സഹായിക്കണംന്നുണ്ടെങ്കില് ഇപ്പൊ സഹായിച്ചോ' – സന്ദർഭം വിവരിക്കുക.
21. 'ഒരു സ്വകാര്യം തന്നെയാ എല്ലാവരോടും പറയുക' – ആരാണ് സ്വകാര്യം പറഞ്ഞത് ? എന്തായിരുന്നു സ്വകാര്യം ?
22. 'തനത് നാടകം' എന്നാലെന്ത് ?

**(8 x 2 = 16 Marks)**

## SECTION – C

***120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. ശങ്കുമേനോന്റെ അഞ്ച്തലമുറകൾ മുമ്പ് ഹേതുവുണ്ടായി' – തറവാടിന്റെ ജന്മത്തെ നോവലിസ്റ്റ് ഇങ്ങനെ ആവിഷ്കരിക്കുവാൻ കാരണമെന്ത് ?
24. മലയാള നോവൽസാഹിത്യത്തിന്റെ വികാസപരിണാമം ചുരുക്കി പ്രതിപാദിക്കുക.

25. 'എല്ലാം കണ്ട് മനമുരുകിയ നാടിന്റെ മാതൃത്വം അവസാനം ബീവിയായി അവതരിച്ചിരിക്കുന്നു' – വിശദമാക്കുക.
26. പൊറ്റെക്കാട്ടിന്റെ റൊഡേഷ്യയിലേക്കുള്ള തീവണ്ടിയാത്രയെക്കുറിച്ച് വിവരിക്കുക.
27. വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ മനോഹാരിത വിവരിക്കുക.
28. 'നിരത്തുമുറിച്ചൊഴുകുന്ന വലിയതോട് കണ്ടപ്പോൾ ഞങ്ങൾക്കുണ്ടായ സന്തോഷം ഊഹിച്ചുകൊള്ളുക' – സന്തോഷത്തിന് കാരണമെന്ത് ?
29. 'ഭൂമി കൃഷി ചെയ്യാനുള്ളതല്ലാ. പണയം വയ്ക്കാനുള്ളതാ.......' – രാവുണ്ണി ഇങ്ങനെ പറയാൻ കാരണമെന്ത് ?
30. 'ഒരുറുപ്പിക റൊക്കവും പതിനായിരം കടവും അങ്ങനെയാണന്റെ കണക്ക് ' – ഈ വാക്കുകൾക്ക് പിന്നിലെ ഭാവം വ്യക്തമാക്കുക.
31. മില്ലിലെ പണിക്ക് പോവരുതെന്ന് കുഞ്ഞമ്പുവിനോട് രാവുണ്ണി പറയുന്നതെന്തുകൊണ്ട് ?

**(6 x 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. 'വൈരുദ്ധ്യങ്ങളുടെ കുഴമറിച്ചിലാണ് സൂഫിപറഞ്ഞ കഥയുടെ അന്തർധാര'– ഉപന്യസിക്കുക.
33. മതമൈത്രിയുടെ സന്ദേശം 'സൂഫിപറഞ്ഞ കഥ'യിലൂടെ അനാവൃതമാവുന്നതെങ്ങനെയെന്ന് വിശകലനംചെയ്യുക.
34. കാപ്പിരികളുടെ ദൈന്യവും കാഴ്ചയുടെ ആനന്ദവും 'കാപ്പിരികളുടെ നാട്ടിൽ' എന്ന ഗ്രന്ഥത്തിൽ പൊറ്റെക്കാട്ട് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.
35. കെണിയിലകപ്പെടുന്ന ആധുനിക മനുഷ്യന്റെ ദൈന്യതയാണ് 'രാവുണ്ണി'യിൽ പ്രകടമാവുന്നത് – ഉപന്യസിക്കുക.

**(2 x 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*